പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 555 — 09 /07/2012 - ൽ മറുപടിക്ക്

## വാഹന ഇന്ധന വിതരണ കേന്ദ്രങ്ങളിലെ സൗകര്യങ്ങളും സുരക്ഷാ സംവിധാനവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ<br>ശ്രീ.റ്റി.എ.അഹമ്മദ് കബീർ<br>ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ<br>ശ്രീ.എൻ.ഷംസുദ്ദീൻ | **ശ്രീ. അനൂപ് ജേക്കബ്**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വാഹന ഇന്ധനവിതരണ കേന്ദ്രങ്ങളിൽ ഉണ്ടായിരിക്കേണ്ടതും ഉപഭോക്താക്കൾക്ക് ലഭ്യമാക്കേണ്ടതുമായ സൗകര്യങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ; | എ) കുടിവെള്ളം, ടോയിലറ്റ് സൗകര്യം ടയറുകളിൽ നിശ്ചിത മർദ്ദത്തിൽ കാറ്റ് നിറക്കാനുള്ള സൗകര്യം, ടെലഫോൺ സൗകര്യം എന്നിവയാണ് വാഹന ഇന്ധന വിതരണ കേന്ദ്രങ്ങളിൽ ഉണ്ടായിരിക്കേണ്ടതും ഉപഭോക്താക്കൾക്ക് ലഭ്യമാക്കേണ്ടതുമായ സൗകര്യങ്ങൾ. |
| ബി) വാഹനങ്ങൾക്ക് എൽ.പി.ജി. ഇന്ധനം നൽകുന്ന പമ്പുകളിൽ പ്രത്യേക സുരക്ഷാ സംവിധാനങ്ങൾ നിർബന്ധമാക്കിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; അവ ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള സംവിധാനമെന്തെന്ന് വ്യക്തമാക്കുമോ; | ബി) ഉണ്ട്. എൽ.പി.ജി. ടാങ്കുകളിൽ സുരക്ഷാ വാൽവുകൾ, ഉയർന്നതാപം മൂലം പൈപ്പ് ലൈനുകളിൽ ഉണ്ടാകുന്ന ഉന്നത മർദ്ദം ഇല്ലാതാക്കുന്നതിനുള്ള തെർമ്മൽ സേഫ്റ്റി വാൽവുകൾ, അധിക നിർഗ്ഗമനം തടയുന്നതിനുള്ള ചെക്ക് വാൽവുകൾ, ടാങ്കിൽ 85%ത്തിലധികം ഇന്ധനം നിറയാതിരിക്കുന്നതിനുള്ള അലാറം, വിദൂര നിയന്ത്രണം മുഖേന വാൽവുകൾ അടക്കുന്നതിനുള്ള സൗകര്യം. എൽ.പി.ജി. പമ്പുകളുടെ ഇലക്ട്രിക് ട്രിപ്പിംഗ് സിസ്റ്റം മുഴുവൻ സംവിധാനവും അടിയന്തിരമായി നിർത്തുന്നതിനുള്ള മൂന്ന് എമർജെൻസി പുഷ് ബട്ടൺ ട്രിപ്പ്സ്, ഡിസ്പെൻസർ ഹോസിലെ ലീക്കേജ് തടയുന്നതിനുള്ള ബ്രേക്ക്എവേ കപ്ലിംഗ്. സാധാരണ പെട്രോൾ പമ്പുകളിൽ ഉണ്ടായിരിക്കേണ്ട അഗ്നിശമന ഉപകരണങ്ങൾക്ക് പുറമേ 75 കിലോയുടെ രണ്ട് ഡി.സി.പി. അഗ്നിശമന ഉപകരണവും കൂടാതെ 10 കിലോയുടെ രണ്ട് അഗ്നിശമന ഉപകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. എൽ.പി.ജി. ഡിസ്പെൻസിംഗ് സിസ്റ്റത്തിന്റെ രൂപകൽപ്പന ഇന്റർനാഷണൽ കോഡ് ഓഫ് പ്രാക്ടീസ്, ഓയിൽ ഇൻഡസ്ട്രി സേഫ്റ്റി ഡയറക്ട്രേറ്റിന്റെ മാർഗ്ഗ നിർദ്ദേശം എന്നിവ |

പ്രകാരമാണ് പ്രാവർത്തികമാക്കുന്നതെന്ന് നിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും ചീഫ് എക്സ്പ്ലോസീവ് കൺട്രോളറെ കൊണ്ട് സർട്ടിഫൈ ചെയ്യിക്കാറുണ്ട്. കൂടാതെ സ്വതന്ത്ര ഏജൻസികൾ,ഫീൽഡ് ഓഫീസർമാർ, ഓയിൽ കമ്പനികളുടെ സേഫ്ടി ഡിപ്പാർട്ട്മെന്റ് അറ്റക്കുറ്റപ്പണിക്കായി നാഗ്പൂർ ചീഫ് എക്സ്പ്ലോസീവ് കൺട്രോളറുടെ അംഗീകാരമുള്ള കോൺട്രാക്ടർമാർ എന്നിവരും പരിശോധന നടത്താറുണ്ട്.

സി) പമ്പുകളിൽ ഉപഭോക്താക്കൾക്ക് സൗജന്യമായി നൽകേണ്ട വെള്ളം, എയർ എന്നിവയ്ക്കുള്ള സംവിധാനം ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ?

സി) ഓയിൽ കമ്പനികളുടെ സെയിൽസ് ഓഫീസർമാർ നിരന്തരം പമ്പുകളിൽ പരിശോധന നടത്തി ഉപഭോക്താക്കൾക്കുള്ള സൗകര്യങ്ങളും അവയുടെ പ്രവർത്തനക്ഷമതയും വിലയിരുത്താറുണ്ട്. കൂടാതെ ഓയിൽ കമ്പനികളുടെ വിവിധ ആഭ്യന്തര ഏജൻസികളായിട്ടുള്ള ആന്റിഅഡൾട്രേഷൻ സെൽ, വിജിലൻസ് എന്നിവ ഓയിൽ കമ്പനികൾ ഏർപ്പെടുത്തിയിട്ടുള്ള ഈ സൗകര്യങ്ങൾ കാലാകാലങ്ങളിൽ പരിശോധന നടത്തി വിലയിരുത്താറുണ്ട്.

സെക്ഷൻ ഓഫീസർ